# ഭാരതീയവിചാരകേന്ദ്രം
# വാർത്താപത്രിക

പുസ്തകം 2 ലക്കം 1 ജനുവരി-മാർച്ച് 2011

# യോഗ
## സാമൂഹികപ്രശ്നങ്ങൾക്കു പരിഹാരമാണ്

ബാബാ രാംദേവ്

**ഭാ**രതത്തിന്റെയും കേരളത്തിന്റെയും പൊതുജീവിതത്തിലും രാഷ്ട്രീയജീവിതത്തിലും ആധിപത്യം ചെലുത്തിയിട്ടുള്ള അഴിമതിയും ദുഷ്ടതകളും തുടച്ചുനീക്കാൻ



*യോഗാചാര്യൻ ബാബാ രാംദേവും പി. പരമേശ്വരനും.*

യോഗാഭ്യാസം കൊണ്ടു കഴിയുമെന്ന് യോഗാചാര്യൻ ബാബാ രാംദേവ് പ്രഖ്യാപിച്ചു. ഭാരതീയവിചാരകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള വിചാരവേദിയുടെ പരിപാടിയിൽ പങ്കെടുത്തുകൊണ്ട് തിരുവനന്തപുരം സംസ്കൃതിഭവനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം

കാണാത്തതൊന്നും വിശ്വസിക്കയില്ലെന്നു ശഠിക്കുന്ന നാസ്തികരോട് ബാബാ രാംദേവ് ചോദിച്ചു: "വിദ്യാഭ്യാസമുള്ള വിഡ്ഢികളോട് എനിക്കൊരു ചോദ്യമുണ്ട്; ശബ്ദം നിങ്ങൾ കണ്ടിട്ടുണ്ടോ? മണം നിങ്ങൾ കണ്ടിട്ടുണ്ടോ? സ്വാദ് നിങ്ങൾ കണ്ടിട്ടുണ്ടോ? ഇന്ദ്രിയങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടോ? ഇവയൊന്നും കാണാൻ കഴിയില്ല എന്നതുകൊണ്ട് അവയൊന്നും ഇല്ലെന്ന് നിങ്ങൾ പറയുമോ? ദൃശ്യമായതെല്ലാം അസത്യമാണ്, അദൃശ്യമായതാണ് സത്യം." അദ്ദേഹം പറഞ്ഞു.

പതഞ്ജലി യോഗപീഠ്ട്രസ്റ്റിന്റെ സ്ഥാപകനും ലോകപ്രശസ്ത യോഗാചാര്യനുമായ ബാബാ രാംദേവ് മാർച്ച് 29ന് ഭാരതീയവിചാരകേന്ദ്രം സന്ദർശിച്ചു. വൈകിട്ട് അഞ്ചുമണിമുതൽ ഏഴരവരെ പൂജപ്പുര മൈതാനത്ത് തടിച്ചുകൂടിയ ജനസമുദ്രത്തെ അദ്ദേഹം പ്രാണായാമം പരിശീലിപ്പിച്ചു. രാവിലെ നടന്ന പൊതുയോഗത്തിൽ ഭാരതത്തിലെ രാഷ്ട്രീയപാർട്ടികൾക്കും പൊതുപ്രവർത്തകർക്കും നഷ്ടപ്പെട്ടുപോയ ധർമബോധത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞു. "ഇന്ത്യയുടെ ഒന്നാമത്തെ പ്രധാനമന്ത്രി പോലും താനൊരു മതേതരവാദി (secular)യാണെന്നു പ്രഖ്യാപിക്കാനാണ് ഇഷ്ടപ്പെട്ടത്. രാജ്യത്ത് 99% ജനങ്ങളും ആത്മീയവിശ്വാസികളാണെന്നതുകൊണ്ട് തന്റെ രാജ്യം ആത്മീയാധിഷ്ഠിതമാണെന്നു പറയാനുള്ള ആത്മാഭിമാനം അദ്ദേഹം പ്രദർശിപ്പിച്ചില്ല" ബാബാ രാംദേവ് പറഞ്ഞു.

ഒരുകൂട്ടം അഴിമതിക്കാരായ രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥദുഷ്പ്രഭുക്കന്മാരും കോർപറേറ്റുകളും ചേർന്ന് രാജ്യത്തിന്റെ പൊതുധനം മുഴുവൻ കൊള്ളയടിക്കുകയാണ്. "ഇത്തരം അസുരന്മാരുടെ കൈകളിൽ രാജ്യത്തിന്റെ ശക്തിയും ധനവും അകപ്പെട്ടിരിക്കുന്നിടത്തോളം കാലം രാജ്യത്തെ നിഷ്കളങ്കരുടെയും പാവപ്പെട്ടവരുടെയും തകർച്ചയും കഷ്ടപ്പാടുകളും അതികഠിനമായിരിക്കും" അദ്ദേഹം പറഞ്ഞു.

കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യപാനാസക്തിയും ബീഫ് സംസ്കാരവും ഇല്ലാതാകണമെങ്കിൽ മലയാളികൾ യോഗ പരിശീലിക്കണമെന്ന് അദ്ദേഹം പറഞ്ഞു. പൊതുജീവിതത്തിൽനിന്ന് അഴിമതിയും അധാർമികതയും ഇല്ലാതാക്കാൻ യോഗ ജീവിതരീതിയാക്കിയ പൊതുപ്രവർത്തകരും രാഷ്ട്രീയക്കാരും ഉണ്ടാകണം. ഇടതുപക്ഷപ്രസ്ഥാനക്കാർ ബാബാ രാംദേവിനെതിരെ ഒളിഞ്ഞും തെളിഞ്ഞും നടത്തുന്ന കുപ്രചരണങ്ങൾ പാഴായിപ്പോയി എന്ന് അദ്ദേഹം പറഞ്ഞു. യോഗത്തിൽ ഭാരതീയവിചാരകേന്ദ്രം ഡയറക്ടർ പി. പരമേശ്വരൻ അധ്യക്ഷനായിരുന്നു ●

# വിവേകാനന്ദ ജയന്തി

**ചേർത്തല**സമിതിയുടെ ആഭിമുഖ്യത്തിൽ വിവേകാനന്ദജയന്തി ആഘോഷങ്ങളുടെ ഭാഗമായി ജയന്തി സന്ദേശയാത്ര, ഉപന്യാസപ്രസംഗമത്സരങ്ങൾ, ജയന്തി സമ്മേളനം എന്നിവ നടന്നു. ജനുവരി 19ന് നടന്ന സന്ദേശയാത്ര ജില്ലാ സെക്രട്ടറി ടി.കെ. ധനഞ്ജയൻ ഉദ്ഘാടനം ചെയ്തു. മുൻ ജില്ലാ സെക്രട്ടറി കെ.ബി. കൃഷ്ണരാജ് പ്രഭാഷണം നടത്തി. ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ മത്സരങ്ങളിൽ കുമാരി റിലുമോളും അശുതോഷും വിജയികളായി. ജനുവരി 26ന് നടന്ന ജയന്തി സമ്മേളനത്തിൽ യൂണിറ്റ് പ്രസിഡന്റ് പി.ആർ. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. അഡ്വക്കേറ്റ് അജിത്ത് മുഖ്യപ്രഭാഷണം നടത്തി. മദ്യമുക്തകേരളം സുന്ദരകേരളം എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് നഗരത്തിന്റെ പ്രധാനപ്പെട്ട ആറു കേന്ദ്രങ്ങളിൽ വിചാരകേന്ദ്രം പ്രവർത്തകർ പ്രസംഗിച്ചു.

**തിരുവനന്തപുരം** ജില്ലാസമിതിയുടെ നേതൃത്വത്തിൽ വിവേകാനന്ദജയന്തി ആഘോഷങ്ങൾ നടന്നു. ജനുവരി 12 വൈകുന്നേരം മൂന്നു മണിക്ക് യുവജനസമ്മേളനം ആരംഭിച്ചു. ഡോ. കെ. മധുസൂദനൻ പിള്ള (ഭാരതീയവിചാരകേന്ദ്രം റിസർച്ച് സെന്റർ, അക്കാദമിക് ഡയറക്ടർ) അധ്യക്ഷം വഹിച്ച യോഗത്തിൽ ഡോ. ടി. പി. ശങ്കരൻകുട്ടി നായർ യുവജനദിനസന്ദേശം നൽകുകയുണ്ടായി. ശ്രീമതി അദിതി, പ്രശാന്ത് മിത്രൻ ആശംസാപ്രസംഗം നടത്തി.

വൈകിട്ട് 5.30ന് ആരംഭിച്ച സാംസ്കാരികസദസ്സിൽ ഭാരതീയവിചാരകേന്ദ്രം ജില്ലാ പ്രസിഡന്റ് ഡോ. കെ. യു. ദേവദാസ് അധ്യക്ഷം വഹിച്ചു. അരുവിപ്പുറം മഠത്തിലെ സാന്ദ്രാനന്ദസ്വാമികൾ അനുഗ്രഹപ്രഭാഷണം നടത്തി. മാതൃഭൂമിപത്രത്തിന്റെ മുൻ ബ്യൂറോചീഫായിരുന്ന മലയിൻകീഴ് ഗോപാലകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. ഭാരതീയവിചാരകേന്ദ്രം ഡയറക്ടർ പി. പരമേശ്വരൻ വിവേകാനന്ദദർശനസന്ദേശം നൽകി. മത്സരങ്ങളിൽ വിജയിച്ച കുട്ടികൾക്ക് ഗീതാസ്വാദ്ധ്യായ സമിതി അധ്യക്ഷ ഗിരിജാ നായർ ഉപഹാരങ്ങൾ വിതരണം ചെയ്തു. ബാലഗോകുലം മേഖലാ സെക്രട്ടറി ബാബു, ബാലഗോകുലം ജില്ലാ ഭഗിനി പ്രമുഖ് വീണ, ശ്യാമളാ നായർ, ശ്യാം, സനൽ തുടങ്ങിയവർ സംസാരിച്ചു.

ജയന്തി ആഘോഷങ്ങൾക്കു മുന്നോടിയായി ജനുവരി 8ന് നടന്ന ബാലസമ്മേളനത്തിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബാലശങ്കർ മന്നത്തും കരമന എൻ.എസ്.എസ്. കോളേജിൽ തത്ത്വശാസ്ത്രവിഭാഗം മേധാവിയായ ഡോ. എസ്. ശ്രീകലാദേവിയും വിദ്യാർത്ഥികളുമായി ആശയസംവേദനം നടത്തുകയുണ്ടായി. രാവിലെ പത്തു മുതൽ പതിനൊന്നര വരെ നടന്ന ഈ പരിപാടി കുട്ടികളിൽ പുത്തനുണർവുണ്ടാ

*കണ്ണൂരിൽ രവീന്ദ്രനാഥ് ചേലേരി സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു*



ക്കുന്നതിനു സഹായിച്ചു. പിന്നീടു നടന്ന ബാലസമ്മേളനത്തിൽ പട്ടം ഗോപാലകൃഷ്ണൻ നായർ അധ്യക്ഷത വഹിച്ചു. തിരുവനന്തപുരം ആകാശവാണിയിലെ പ്രോഗ്രാം ഓഫീസർ നാരായണൻ നമ്പൂതിരി മുഖ്യപ്രഭാഷണം നടത്തി. ഡോ. കെ.യു. ദേവദാസ് വിവേകാനന്ദജയന്തി സന്ദേശം നല്കി. സനൽകുമാർ, കണ്ണദാസ് തുടങ്ങിയവർ സംസാരിച്ചു. സ്കൂൾ കോളജ് വിഭാഗങ്ങൾക്കായി ഉപന്യാസ-പ്രസംഗമത്സരങ്ങൾ നടന്നു. ഹൈസ്കൂൾ-പ്ലസ് ടു വിഭാഗത്തിന് ഉപന്യാസവിഷയമായി 'വിവേകാനന്ദസ്വാമികളുടെ ബാല്യകാലം' നല്കി. പ്രസംഗമത്സരത്തിനുള്ള വിഷയം 'സാമൂഹികനവോത്ഥാനവും വിവേകാനന്ദസ്വാമികളും' ആയിരുന്നു. ബിരുദ-യുവജനവിഭാഗങ്ങൾക്കായി ഉപന്യാസവിഷയം 'യുവതലമുറയും വിവേകാനന്ദദർശനവും' ആയിരുന്നു. പ്രസംഗമത്സരത്തിന് 'ദേശീയനവോത്ഥാനത്തിൽ സ്വാമിജിയുടെ പങ്ക്' എന്നതായിരുന്നു വിഷയം. മത്സരങ്ങളിൽ വിജയിച്ചവർക്ക് ഒന്നും രണ്ടും മൂന്നും സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നല്കി.

**കണ്ണൂർ** ജില്ലാസമിതി, വിവേകാനന്ദ സ്റ്റഡി സർക്കിൾ ചക്കരക്കല്ലുമായി ചേർന്ന് വിവേകാനന്ദജയന്തി ആഘോഷിച്ചു. ജനുവരി 12ന് ചക്കരക്കൽ ലക്സസ് ഹാളിൽ നടന്ന പ്രഭാഷണപരിപാടി മുൻ ഡെപ്യൂട്ടി കളക്ടർ രവീന്ദ്രനാഥ് ചേലേരി ഉദ്ഘാടനം ചെയ്തു. കണ്ണൂർ സ്ഥാനീയസമിതി പ്രസിഡന്റ് കേണൽ രാംദാസ് അധ്യക്ഷത വഹിച്ചു. 'വിവേകാനന്ദദർശനങ്ങളും ഭാരതീയനവോത്ഥാനവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി അശോകൻ പള്ളൂരും 'മാനവികതയുടെ അന്തസത്ത: വിവേകാനന്ദന്റെ കാഴ്ചപ്പാട്' എന്ന വിഷയത്തിൽ പി. ജനാർദ്ദനനും പ്രഭാഷണം നടത്തി. ശ്രീലേഷ്, അഭിലാഷ് തുടങ്ങിയവർ സംസാരിച്ചു.

**വയനാട്** ബത്തേരി സമിതിയുടെ ആഭിമുഖ്യത്തിൽ ദേശീയ യുവജനദിനമായ വിവേകാനന്ദജയന്തി ആഘോഷങ്ങൾ നടന്നു. ബത്തേരിയിലെ ഗണപതിവട്ടം മലബാർ കോളജിൽവച്ചു നടന്ന യുവജനവിദ്യാർത്ഥിസംഗമത്തിൽ ബത്തേരി സമിതി അധ്യക്ഷൻ കെ. ദിവാകരൻ അധ്യക്ഷത വഹിച്ചു. ട്രഷറർ പി.വി. വേണുഗോപാൽ വിവേകാനന്ദസ്വാമികളുടെ ജീവിതത്തെക്കുറിച്ചു സംസാരിച്ചു. കൊളംബോ മുതൽ അൽമോറ വരെയുള്ള സ്വാമിജിയുടെ പ്രഭാഷണങ്ങളുടെ ആശയസംഗ്രഹം അവതരിപ്പിച്ച് സംസാരിച്ചത് വയനാട് ജില്ലാസമിതി ട്രഷറർ എം. ഉണ്ണിക്കൃഷ്ണനായിരുന്നു. ഭാരതീയ വിചാരകേന്ദ്രം സംസ്ഥാനസെക്രട്ടറി നീലേശ്വരം ഭാസ്കരൻ 'വിവേകാനന്ദസന്ദേശവും വിചാരകേന്ദ്രവും' എന്ന വിഷയത്തെക്കുറിച്ചു സംസാരിച്ചു •

# ഗാന്ധിജിയെക്കുറിച്ചുള്ള വിവാദപുസ്തകം സമൂഹം ബഹിഷ്കരിക്കണം

**പി. പരമേശ്വരൻ**

**ജോ**സഫ് ലെല്ലിവെൽഡിന്റെ ഗാന്ധിജിയെ വികലമായി ചിത്രീകരിക്കുന്ന "Great Soul: Mahatma Gandhi and his Struggle with India" ജീവചരിത്രം ബഹിഷ്കരിക്കാൻ ജനങ്ങൾ തയ്യാറാകേണ്ടതാണ്. കാരണം അത് സത്യമല്ലെന്നു മാത്രമല്ല ആപത്കരം കൂടിയാണ്. ഗാന്ധിജിയുടെ ജീവിതം നീണ്ട സത്യാന്വേഷണമായിരുന്നു. ആത്മകഥയ്ക്ക് അദ്ദേഹം നൽകിയ പേര് "സത്യാന്വേഷണപരീക്ഷണങ്ങൾ" എന്നായിരുന്നു. ഇത്രയും സത്യസന്ധമായ ഒരാത്മകഥ വേറെ ഉണ്ടായിട്ടില്ല. തന്റെ എല്ലാ ദൗർബല്യങ്ങളും ഗാന്ധിജി അതിൽ മറകൂടാതെ അക്കമിട്ടു നിരത്തിയിട്ടുണ്ട്. വിവാദപുസ്തകത്തിൽ പറഞ്ഞ കാര്യങ്ങളിൽ നേരിന്റെ അംശമെങ്കിലുമുണ്ടെങ്കിൽ അത് തുറന്നുപറയാനുള്ള ധൈര്യവും ആർജ്ജവവും ഗാന്ധിജിക്കുണ്ടായിരുന്നു. അതുകൊണ്ടുതന്നെ പുസ്തകത്തിലെ ലൈംഗികപരാമർശങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്ന് ഉറപ്പാണ്.

സത്യവും അഹിംസയും ആയിരുന്നു ഗാന്ധിജിയുടെ രണ്ടായുധങ്ങൾ. ആത്മരക്ഷ പോലുള്ള അപൂർവ്വസന്ദർഭങ്ങളിൽ അഹിംസപോലും കൈവെടിയാമെന്നു പറഞ്ഞ ഗാന്ധിജി ഒരു സന്ദർഭത്തിലും സത്യത്തെ ഉപേക്ഷിക്കാമെന്നു പറഞ്ഞിട്ടില്ല. ഗാന്ധിജിയുടെ സത്യസന്ധതയെ ചോദ്യം ചെയ്യുന്ന പരാമർശമാണ് വിവാദഗ്രന്ഥത്തിലുള്ളത്. അത് ഗാന്ധിജിയുടെ ഈശ്വരവിശ്വാസത്തെ ചോദ്യംചെയ്യുന്നതിനു തുല്യമാണ്. കാരണം സത്യമാണ് ദൈവം എന്ന് ഗാന്ധിജി പ്രഖ്യാപിച്ചിരുന്നു. പേരിനും പണത്തിനുംവേണ്ടി എഴുതിക്കൂട്ടുകയും, ദുരൂഹകാരണങ്ങളാൽ പുരസ്കാരത്തിന് അർഹമാകുകയും ചെയ്ത ഈ പുസ്തകം ഗാന്ധിജിയുടെ മഹത്വത്തെ ഇടിച്ചുതാഴ്ത്താൻ പര്യാപ്തമാണെന്ന ഭയം ആവശ്യമില്ല. പക്ഷേ ലോകം ആരാധിക്കുന്ന മഹത്‌വ്യക്തിത്വങ്ങളെയും ദേവതാസങ്കല്പങ്ങളെയും എല്ലാം അപകീർത്തിപ്പെടുത്തുന്നത് സാധാരണക്കാരുടെ മൂല്യബോധത്തെ ഇളക്കാൻ വഴിവച്ചേക്കും. അത് സമൂഹത്തിന്റെ സുസ്ഥിരതയെ ബാധിക്കും. അത്തരം രചനകൾ വികലമായ മനസ്സിന്റെ ജല്പനങ്ങളാണ്. ഒരുതരം സാംസ്കാരിക ഭീകരതയാണ്. ഇവയെ അർഹിക്കുന്ന പുച്ഛത്തോടെ അവഗണിച്ചുതള്ളുകയാണ് വേണ്ടത്. ഒരു വിഷാണുവിനെപ്പോലെ ബഹിഷ്കരിക്കപ്പെടേണ്ടതാണ് ഈ പുസ്തകം •

# മാധ്യമ സെമിനാർ

**പട്ടാമ്പി സമിതി**

'മാധ്യമങ്ങളുടെ രാഷ്ട്രീയ സാംസ്കാരിക അജണ്ട' എന്ന വിഷയത്തിൽ 27-2-2011ന് മാധ്യമ സെമിനാർ സംഘടിപ്പിച്ചു. മേലേ പട്ടാമ്പിയിലെ വെൽക്കം ടൂറിസ്റ്റ് ഹോമിൽ കൂടിയ യോഗത്തിൽ വിചാരകേന്ദ്രം രക്ഷാധികാരി ഡോ. പി. ഉണ്ണിക്കൃഷ്ണൻ അധ്യക്ഷനായിരുന്നു. മലയാളമനോരമ പാലക്കാട് എഡിഷൻ റസിഡന്റ് എഡിറ്ററായ ജോയി ശാസ്താംപടിക്കൽ, ജന്മഭൂമിയുടെ ചീഫ് എഡിറ്ററായ ഹരി. എസ്. കർത്ത മുഖ്യവിഷയം അവതരിപ്പിച്ചുകൊണ്ടു സംസാരിച്ചു. കാവാലം ശ്രീകുമാർ, വി.എം. ഗിരീഷ്കുമാർ, അഡ്വ. പി. മനോജ് തുടങ്ങിയവർ സംസാരിച്ചു.



*മാധ്യമസെമിനാറിൽ ഹരി എസ്. കർത്ത സംസാരിക്കുന്നു.*

**എടപ്പാൾ സമിതി**

ഭാരതീയവിചാരകേന്ദ്രം എടപ്പാൾ സമിതി കെ.എം. അച്യുതൻ മാസ്റ്റർ അധ്യക്ഷനായും കെ. ശശീന്ദ്രൻ കാര്യദർശിയായും ചുമതല ഏറ്റുകൊണ്ട് ജനുവരി 23ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. എടപ്പാൾ കുളങ്ങര ദേവീ കല്യാണമണ്ഡപത്തിൽ വൈകിട്ട് മൂന്നുമണിക്ക് ആരംഭിച്ച യോഗത്തിൽ കെ.പി.എസ്. ഉണ്ണി (മൂക്കുതല) അധ്യക്ഷനായിരുന്നു. യോഗം ബ്രഹ്മശ്രീ ശങ്കരനാരായണൻ അക്കിത്തിരിപ്പാട് ഉദ്ഘാടനം ചെയ്തു. ഭാരതീയവിചാരകേന്ദ്രം സംസ്ഥാന ഉപാധ്യക്ഷനും കോട്ടയം സി.എം.എസ്. കോളജ് ചരിത്രവിഭാഗം മുൻതലവനുമായ ഡോ. സി. ഐ. ഐസക് 'ഭാരതത്തെ അസ്ഥിരപ്പെടുത്താനുള്ള ഗൂഢാലോചനകൾ' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. കെ.എം. അച്യുതൻ മാസ്റ്റർ, എം. പരമേശ്വരൻ തുടങ്ങിയവർ സംസാരിച്ചു.

**നെടുമങ്ങാട് സമിതി**

വിചാരകേന്ദ്രത്തിന്റെ നെടുമങ്ങാട് സമിതിയുടെ ഉദ്ഘാടനവും പ്രതിനിധിസമ്മേളനവും ഫെബ്രുവരി 13ന് നെടുമങ്ങാട് ശ്രീമുത്താരിയമ്മൻ ക്ഷേത്ര ആഡിറ്റോറിയത്തിൽ നടന്നു. രാവിലെ പത്തിനാരംഭിച്ച ഉദ്ഘാടനസഭയിൽ വെള്ളനാട് രാമചന്ദ്രൻ അധ്യക്ഷനായിരുന്നു. വിചാരകേന്ദ്രം സംസ്ഥാന സംഘടനാ കാര്യദർശി കാ. ഭാ. സുരേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് വിചാരകേന്ദ്രം പ്രവർത്തനങ്ങൾ വിശദീകരിച്ചുകൊണ്ട് തിരുവനന്തപുരം ജില്ല കാര്യദർശി അഡ്വ. വേണുകുമാർ സംസാരിച്ചു. സിമിതിയുടെ ഭാരവാഹികളെ തിരഞ്ഞെടുത്തു. വൈകിട്ട് കൂടിയ സമാപനസഭയിൽ പത്മശ്രീ ഡോ. പി. പുഷ്പാംഗദൻ വിശിഷ്ടാതിഥിയായിരുന്നു. വിചാരകേന്ദ്രം ജില്ലാ അധ്യക്ഷൻ ഡോ. കെ.യു. ദേവദാസ് മുഖ്യപ്രഭാഷണം നടത്തി. അഡ്വ. രഞ്ജു ഭാസ്കർ, ആർ. ദീപു കൃഷ്ണൻ, ജി. സനൽകുമാർ, പി.ജെ. രമേശ് മുതലായവർ പ്രസംഗിച്ചു.

**വിവേകാനന്ദ സ്റ്റഡി സർക്കിൾ**
**കിടങ്ങൂർ**

സഹകരണ എൻജിനീയറിങ് കോളേജ് വിദ്യാർത്ഥികളുടെ വിവേകാനന്ദ സ്റ്റഡി സർക്കിൾ വാർഷികസമ്മേളനവും വ്യക്തിത്വവികസനക്യാമ്പും മാർച്ച് 5ന് കിടങ്ങൂർ സുബ്രഹ്മണ്യക്ഷേത്രഹാളിൽവച്ചു നടന്നു. വാഴൂർ എസ്.വി.ആർ. എൻ.എസ്.എസ്. കോളജ് ബോട്ടണി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. എൻ. ഉണ്ണിക്കൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. 'യുവാക്കളും ഭാവിഭാരതവും' എന്ന വിഷയത്തിൽ വിചാരകേന്ദ്രം സംഘടനാ കാര്യദർശി കാ.ഭാ. സുരേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. 'ഭാരതദർശനം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി എൻ.ആർ. മധു സംസാരിച്ചു. ആധുനികസമൂഹം നേരിടുന്ന സാംസ്കാരിക അപചയങ്ങൾക്ക് വിവേകാനന്ദദർശനങ്ങളാണ് പരിഹാരമാർഗം എന്ന സന്ദേശം വിദ്യാർത്ഥികളിലെത്തിക്കാൻ സമ്മേളനത്തിനു കഴിഞ്ഞു.

*മാധ്യമസെമിനാറിൽ ഡോ. പി. ഉണ്ണിക്കൃഷ്ണൻ, ജോയി ശാസ്താംപടിക്കൽ, ഹരി എസ്. കർത്ത തുടങ്ങിയവർ.*





*സദ്ഗമയ പരിപാടിയിൽ എം.ടി. രമേശ് സംസാരിക്കുന്നു.*



*പട്ടാമ്പി ഗീതാസെമിനാറിൽ നിന്ന്*

**ആലപ്പുഴ ജില്ലാ സമ്മേളനം**

വിചാരകേന്ദ്രത്തിന്റെ ആലപ്പുഴ ജില്ലാ സമ്മേളനം മാർച്ച് 6-ാം തീയതി ചേർത്തല വുഡ്‌ലാൻഡ്സ് ആഡിറ്റോറിയത്തിൽ നടന്നു. രാവിലെ ആരംഭിച്ച സമ്മേളനം ഡോ. സി.കെ. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. വിചാരകേന്ദ്രം സംസ്ഥാന സെക്രട്ടറി കെ.സി. സുധീർ ബാബു മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് റിപ്പോർട്ട്, കണക്കുകൾ, പ്രമേയങ്ങൾ, ഭാവി പരിപാടികൾ എന്നിവയെക്കുറിച്ചു ചർച്ചകൾ നടന്നു. വൈകിട്ട് ചേർത്തല ദേവീക്ഷേത്രത്തിനടുത്ത് പൊതുപരിപാടിയായി നടന്ന സമാപന സഭയിൽ 'കാവി വിരുദ്ധതയും കോൺഗ്രസും' എന്ന വിഷയത്തെക്കുറിച്ച് സംസ്ഥാന സംഘടനാ കാര്യദർശി കാ.ഭാ. സുരേന്ദ്രൻ സംസാരിച്ചു. എസ്. വിനോദ്, മഹാദേവൻ, കെ.കെ. ഹരിദാസ്, പി.ആർ. രാധാകൃഷ്ണൻ, എൻ. കൃഷ്ണപൈ, കെ.ടി. ധനഞ്ജയൻ, പ്രൊ. കെ. എൻ.ജെ. കർത്താ, ധനൂപ് നാരായൺ വർമ സംസാരിച്ചു.

**അയോദ്ധ്യാ സെമിനാർ**

**വയനാട്** ജില്ലാസമതിയുടെ ആഭിമുഖ്യത്തിൽ അയോദ്ധ്യാവിധിയുടെ വസ്തുതകൾ വിശദീകരിച്ചുകൊണ്ട് പനമരം വ്യാപാരിവ്യവസായി ഹാളിൽ പ്രഭാഷണം നടന്നു. ഭാരതീയ വിചാരകേന്ദ്രം സംസ്ഥാന സെക്രട്ടറി ശ്രീ. നീലേശ്വരം ഭാസ്കരൻ 'അയോദ്ധ്യാവിധി: വിശ്വാസവും വസ്തുതയും' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി.

**ഗീതാജയന്തി**

ഭാരതീയവിചാരകേന്ദ്രം ചേർത്തല ടൗൺസമിതിയുടെ ആഭിമുഖ്യത്തിൽ ഗീതാ ജയന്തി സമ്മേളനം നടന്നു. ഡിസംബർ മാസം 16ന് നടന്ന യോഗത്തിൽ സമിതി പ്രസിഡന്റ് ശ്രീ. പി.ആർ. രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. കെ.കെ. വാര്യർ ഉദ്ഘാടനം ചെയ്തു. വിശ്വസംസ്കൃത പ്രതിഷ്ഠാൻ സംസ്ഥാന ഉപാദ്ധ്യക്ഷൻ ഡോ. എം.പി. ഉണ്ണിക്കൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി.

**സദ്ഗമയ – 2010**

ഭാരതീയവിചാരകേന്ദ്രം കോട്ടയം ജില്ലാസമിതിയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ മൂന്നു വർഷമായി നടന്നുവരുന്ന സദ്ഗമയ എന്ന പ്രത്യേക പരിപാടി ഡിസംബർ 29, 30, 31 തീയതികളിൽ തിരുനക്കര പോലീസ് സ്റ്റേഷൻ മൈതാനത്ത് നടന്നു. 'അയോദ്ധ്യ: വിധിയുടെ നേർക്കാഴ്ച' എന്ന വിഷയത്തിൽ ഭാരതീയവിചാരകേന്ദ്രം സംഘടനാകാര്യദർശി കാ.ഭാ. സുരേന്ദ്രൻ പ്രഭാഷണം നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. കെ. ജയപ്രസാദ് 'രംഗനാഥമിശ്രകമ്മിഷൻ– ദളിത് വിരുദ്ധ റിപ്പോർട്ട്' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. ബി.ജെ.പി. ദേശീയ നിർവാഹകസമിതി അംഗം എം.ടി. രമേശ് 'കാശ്മീർ– വിവാദമൊഴിയാത്ത ദേവഭൂമി' എന്ന വിഷയത്തെ കേന്ദ്രീകരിച്ച് പ്രഭാഷണം നടത്തി ●

*ഗീതാസെമിനാറിൽ സദസ്യർ*



# പുതിയ വികസന വിചാരതന്ത്രം ഒരന്വേഷണം

ഡോ. ബജരംഗലാൽ ഗുപ്ത

നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പാശ്ചാത്യ വികസനമാതൃക അശക്തവും സമ്പൂർണ്ണപരാജയവുമാണെന്ന കാര്യത്തിൽ ലോകമെമ്പാടുമുള്ള ചിന്തകന്മാർക്കിടയിൽ ഒരു സമവായം രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനാൽ വികസനം സംബന്ധിച്ച ഒരു പുതിയ വിചാരതന്ത്രം രൂപപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പാശ്ചാത്യവികസനമാതൃകയുടെ പോരായ്മകളും അന്തശ്ഛിദ്രങ്ങളും ചൂണ്ടിക്കാണിച്ച്, പുതിയൊരു വികസനമാർഗത്തെക്കുറിച്ചുള്ള ഏകദേശധാരണ നല്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

**പാശ്ചാത്യവികസനമാതൃകയുടെ അടിസ്ഥാനങ്ങളും അവയിലെ ആന്തരികദൗർബല്യങ്ങളും**

1. മനുഷ്യൻ ഒരു ‘സാമ്പത്തികജീവി’യാണെന്ന സങ്കല്പം
2. സ്വാർത്ഥതയിലും സാമ്പത്തികയുക്തികളിലും മാത്രം നല്കപ്പെടുന്ന ഊന്നലുകൾ
3. ആളോഹരി വരുമാനത്തിലും ദേശീയവാർഷികവരുമാനത്തിലും ഉണ്ടാകുന്ന വർദ്ധനവാണ് വികസനമെന്ന ധാരണ.
4. ഉപഭോഗവസ്തുക്കളിലും സേവനങ്ങളിലും മാത്രം കേന്ദ്രീകരിച്ച ജീവിതനിലവാരം വർദ്ധിപ്പിക്കലാണ് ജീവിതലക്ഷ്യമെന്ന സമീപനം.
5. മനുഷ്യന്റെ ഒടുങ്ങാത്ത ആർത്തിയും കാമവും ശമിപ്പിക്കാൻ കൂടുതൽ ഉല്പാദിപ്പിക്കാനുള്ള ശ്രമം.
6. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി
   ക. പ്രകൃതിവിഭവങ്ങളെ വിവേചനമില്ലാതെ ചൂഷണം ചെയ്യുക.
   ഖ. വലിയ യന്ത്രങ്ങളും കൂടുതൽ ഊർജവും ഉപയോഗിക്കപ്പെടുന്ന വലിയ വ്യവസായശൃംഖലകൾ ഉണ്ടാക്കുക.
7. ഇത്തരം വ്യവസായഘടനകളെയം സാങ്കേതികവിദ്യയെയും ചലിപ്പിക്കുന്നതിനുവേണ്ടി വലിയ മൂലധനനിക്ഷേപങ്ങളിൽ ഊന്നൽ നല്കുക.

മേല്പറഞ്ഞ മാർഗങ്ങളിലൂടെ വികസനം നേടിയെന്നവകാശപ്പെടുന്ന ലോകത്തിലെ ഏതാനും ചില രാജ്യങ്ങൾക്ക് രണ്ടു പ്രധാനപ്പെട്ട ചോദ്യങ്ങളെ നേരിടേണ്ടിവരും.

1. യഥാർത്ഥത്തിൽ ഇത്തരം വികസനം മനുഷ്യനെ സന്തോഷവാനാക്കുന്നുണ്ടോ?
2. ലോകമെമ്പാടുമുള്ള എല്ലാ മനുഷ്യർക്കും ഇത്തരം വികസനം അനുഭവപ്പെടുത്തിക്കൊടുക്കുക പ്രായോഗികവും സാദ്ധ്യവുമാണോ? മറ്റുതരത്തിൽ പറഞ്ഞാൽ, ഇത് പ്രായോഗികവും സുസ്ഥിരവുമായ വികസനമാണോ?

ലഭ്യമായ സ്ഥിതിവിവരക്കണക്കുകളുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ ഈ ചോദ്യങ്ങളുടെ ഉത്തരം നിഷേധാത്മകമാണെന്നു കാണാം. ലോകജനസംഖ്യയുടെ 20% മാത്രം വരുന്ന സമ്പന്നരാഷ്ട്രങ്ങൾ അവരുടെ ജീവിതശൈലിയും ഉപഭോഗഭ്രാന്തും ഉല്പാദനവ്യവസ്ഥകളും നിലനിർത്തുന്നതിനുവേണ്ടി ലോകത്തിന്റെ വിഭവശേഷിയുടെ 80% വിഴുങ്ങിത്തീർക്കുന്നു. മൊത്തം ഭൂവിഭാഗത്തിന്റെ 50% അവർ കൈയടക്കിവച്ചിരിക്കയാണ്. ഊർജ്ജത്തിന്റെ 60% അവരാണുപയോഗിക്കുന്നത്. ലോകത്തിന്റെ മൊത്തവരുമാനത്തിന്റെ 85% അവരുടെ കുത്തകയാണ്. വികസനത്തിന്റെ പേരിലുള്ള അവരുടെ പരക്കംപാച്ചിലിൽ അവരുടെ നിലനില്പിനുഹാനികരമായ അവസ്ഥകളുണ്ടാക്കി എന്നുമാത്രമല്ല മനുഷ്യരാശിയെത്തന്നെ നശിപ്പിക്കുന്ന പതനത്തിലെത്തിയിരിക്കുകയുമാണ്. വായുവും ജലവും ഭൂമിയും മലിനമായതിനാൽ നമുക്കുചുറ്റുമുള്ള അന്തരീക്ഷം കൂടുതൽ മലിനമായിക്കൊണ്ടിരിക്കുന്നു. മനുഷ്യബന്ധങ്ങളും സ്നേഹവായ്പുകളും മൃദുലവികാരങ്ങളും തകർച്ചയെ നേരിടുകയാണ്.

പടിഞ്ഞാറിനെ, പ്രത്യേകിച്ചും അമേരിക്കയെ മാതൃകയാക്കിക്കൊണ്ട് എല്ലാ രാഷ്ട്രങ്ങളും തങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ ശ്രമിച്ചാൽ ലോകത്തിന്റെ മുഴുവൻ പ്രകൃതിവിഭവങ്ങളും തീർന്നുപോകുമെന്ന കാര്യത്തിൽ സംശയമില്ല.

മാത്രമല്ല, മലിനീകരണവാതകങ്ങളുടെ വൻതോതിലുള്ള നിർഗമനം കാരണം പരിസ്ഥിതി അപരിഹാര്യമാംവിധം വിഷലിപ്തമാകും. ഇത്തരമൊരു സാഹചര്യത്തിൽ ജീവിക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ തന്നെ പേടിയാകും. അതുകൊണ്ട് ഇപ്പോഴുള്ള ഈ വികസനമാതൃക പ്രായോഗികമോ സുസ്ഥിരമോ അല്ല.

**പുതിയ മാർഗം**

സുമംഗളം എന്നാണ് ഈ ആശയത്തിന്റെ പേര്. ധർമ്മത്താൽ നയിക്കപ്പെടുന്ന മനുഷ്യകേന്ദ്രിതമായ സമഗ്രദർശനം.

വികസനം എന്നതിന്റെ അർത്ഥത്തെക്കുറിച്ചും അതു പരിശോധിച്ചറിയുന്നതിന്റെ മാനദണ്ഡങ്ങളെക്കുറിച്ചും ലോകത്തിലെ പ്രശസ്തരായ സാമ്പത്തികവിദഗ്ദ്ധർക്ക് അഭിപ്രായഭിന്നതകളുണ്ട്. വികസനത്തെ പരിശോധിച്ചറിയാൻ ഓരോ സാമ്പത്തികശാസ്ത്രജ്ഞനും ഓരോ സമ്പ്രദായങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത്. ഉദാഹരണത്തിന്, ആഭ്യന്തര മൊത്ത ഉല്പാദനം (ജി.ഡി.പി.) ആളോഹരി മൊത്ത ഉല്പാദനം, ആളോഹരി ഉപഭോഗം, സാമ്പത്തിക ക്ഷമത മുതലായവ. എന്നാൽ യഥാർത്ഥത്തിൽ ആളോഹരി മൊത്ത ഉല്പാദനമാണ്

വികസനമളക്കുന്നതിനുള്ള സൂചികയായി സ്വീകരിക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് ലോകത്തെ വികസിതരാജ്യങ്ങളെന്നും വികസ്വരരാജ്യങ്ങളെന്നും അവികസിതരാജ്യങ്ങളെന്നും തരംതിരിച്ചിരിക്കുന്നത്. എന്നാൽ 1990നു ശേഷം 'മനുഷ്യവികസനസൂചിക' (Human Development Index) എന്നൊരു പുതിയ ആശയം രൂപപ്പെട്ടുവന്നിട്ടുണ്ട്. ഈ ആശയത്തിന്റെ പ്രധാന സമീപനം തന്നെ, വികസനത്തിന്റെ ലക്ഷ്യം മനുഷ്യന് സർഗാത്മകവും ആരോഗ്യപൂർണ്ണവും ആനന്ദകരവുമായ ജീവിതത്തിനുതകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നതാണ്. ഇതിനു പ്രധാനമായും മൂന്നു സൂചകങ്ങളുണ്ട്: ദീർഘായുസ്, വിദ്യാഭ്യാസലഭ്യത, ശരിയായ ആഭ്യന്തര മൊത്ത ഉല്പാദനം. അങ്ങനെ ഇത് ആളോഹരി മൊത്ത ഉല്പാദനരീതിക്ക് പകരമാകുന്നു. രാഷ്ട്രങ്ങളുടെ പുരോഗതിയെ നിരീക്ഷിക്കാൻ ഈ സമ്പ്രദായമാണ് ഉപയോഗിച്ചുവരുന്നത്. എന്നിരുന്നാലും പ്രധാന ചോദ്യമിതാണ്; ഈ രണ്ടു മാർഗങ്ങളിൽവച്ച് (GDP-HDI) കൂടുതൽ ഉപയുക്തമായത് ഏതാണ്? പാശ്ചാത്യ സാമ്പത്തികശാസ്ത്രത്തിൽ ഈ ചോദ്യത്തിന് കൃത്യമായ ഒരുത്തരം ലഭ്യമല്ല. മാത്രമല്ല, മനുഷ്യവികസനസൂചികയിലെ

ദീർഘനാൾ തുടർച്ചയായി നിലനില്ക്കുന്ന ഉയർച്ചയാണ്. ഇതു സാദ്ധ്യമാകുന്നത് രാജ്യത്തിന്റെ സ്വന്തം വിഭവങ്ങളെ പ്രധാനമായും ഉപയോഗപ്പെടുത്തിക്കൊണ്ട് പൊതുസമൂഹത്തിന്റെ ആനന്ദം (സുഖം) ഉയർത്തിക്കൊണ്ടുവരുന്നതിലൂടെയാണ്.

ഇവിടെ ജീവിതനിലവാരം (standard of life) എന്ന പ്രയോഗത്തിന് സാധാരണയായി ഉപയോഗിച്ചുവരാറുള്ള ജീവനനിലവാരം (standard of living) എന്ന പ്രയോഗത്തിനെക്കാൾ വിപുലവും ആഴത്തിലുള്ളതുമായ അർത്ഥമാണുള്ളത്. പൊതുവെ ജീവനനിലവാരം എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത് ഉപഭോഗസാമഗ്രികളുടെയും സേവനങ്ങളുടെയും ആളോഹരിലഭ്യതയാണ്. എന്നാൽ ജീവിതനിലവാരം എന്നുപറയുമ്പോൾ ജീവിതമൂല്യങ്ങളും ആദർശങ്ങളും സാംസ്കാരികമായ സവിശേഷതകളും ഉൾപ്പെടെ ധാരാളം കാര്യങ്ങൾ ലക്ഷ്യമാക്കുന്നുണ്ട്. അതായത് ഒന്ന് മനുഷ്യന്റെ സാമ്പത്തിക വ്യക്തിത്വത്തെ മാത്രം പ്രദർശിപ്പിക്കുമ്പോൾ മറ്റേത് അവന്റെ സമഗ്രവ്യക്തിത്വത്തെയാണ് പ്രദർശിപ്പിക്കുന്നത്.

അതുപോലെതന്നെ 'സുഖം' എന്ന വാക്കുകൊണ്ട്



കോഴിക്കോട് നടന്ന ചരിത്രസെമിനാറിൽ ഡോ. കോൺറാഡ് എൽസ്റ്റ് സംസാരിക്കുന്നു

(HDI) പോരായ്മകൾ 1995ലെ മനുഷ്യവികസനറിപ്പോർട്ടിൽത്തന്നെ അംഗീകരിക്കപ്പെടുകയും ചെയ്തു.

വികസനസങ്കല്പത്തെക്കുറിച്ചും അത് അളന്ന് ബോധ്യപ്പെടാനുള്ള മാനദണ്ഡങ്ങളെക്കുറിച്ചും തികഞ്ഞ ആശയക്കുഴപ്പം ആധുനിക സാമ്പത്തികശാസ്ത്രജ്ഞന്മാർക്കുണ്ട്. വികസനത്തെക്കുറിച്ചുള്ള പാശ്ചാത്യസങ്കല്പം മനുഷ്യരുടെ സ്വസ്ഥജീവിതവും സന്തോഷവുമായി പൊരുത്തപ്പെട്ടുപോകുന്നില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ പുതിയൊരു സമീപനമാവശ്യമാണ്. ഒരു സമ്പൂർണ്ണമനുഷ്യന്റെ സമഗ്രവികസനം ഉറപ്പുനല്കുന്ന ഒരു വികസനസങ്കല്പമായിരിക്കണമത്. അതിനാലാണ് വ്യത്യസ്തമായ ഒരു സമീപനരേഖ സുമംഗളം എന്ന പേരിൽ ഞാനവതരിപ്പിക്കുന്നത്.

സുമംഗളം അഥവാ മംഗളവികസനം ലക്ഷ്യംവയ്ക്കുന്നത് ഒരു രാജ്യത്തിലെ മുഴുവൻ മനുഷ്യരുടെയും ജീവിതനിലവാരത്തിലുണ്ടാകുന്ന (standard of life)

മനുഷ്യന്റെ ശരീരം, മനസ്, ബുദ്ധി, ആത്മാവ് മുതലായവയുടെയെല്ലാം ആനന്ദമാണ് അർത്ഥമാക്കുന്നത്. അത് വെറും സാമ്പത്തിക ഉപഭോഗത്തിന്റെ ഗണത്തിൽപ്പെടുത്തി പറയാവുന്നവയല്ല. ഒരാൾക്ക് അവന്റെ നിലനില്പിനാവശ്യമായ എല്ലാ വസ്തുക്കളും സേവനങ്ങളും നല്കുന്നതിനോടൊപ്പം തന്നെ അവന്റെ മനസിനും. ബുദ്ധിക്കും ആത്മാവിനും സന്തോഷം നല്കുന്ന വിഭവങ്ങൾ നല്കാനും വ്യവസ്ഥകളുണ്ടാക്കണം. ഈ വിധത്തിലുള്ള പരിശ്രമങ്ങളെല്ലാം, മനുഷ്യന്റെ ജീവിതനിലവാരം ഉയർത്താനുള്ള, ഓരോ വ്യക്തിയുടെയും സുഖവും ആനന്ദവും ഉയർത്താനുള്ള പ്രവർത്തനങ്ങളായാണ് പരിണമിക്കേണ്ടത്.

സർവജനഹിതായ സർവജനസുഖായ എന്ന ഭാരതീയസമീപനവും ഇതുതന്നെയാണ്.

'രാജ്യത്തിന്റെ സ്വന്തം വിഭവങ്ങൾ' എന്നതുകൊണ്ട് സ്വദേശി മാതൃകയിലുള്ള ഒരു സ്വയംപര്യാപ്തമായ

സാമ്പത്തികവ്യവസ്ഥ സ്രഷ്ടമാകണം എന്നാണുദ്ദേശിക്കുന്നത്. സ്വദേശീമാതൃക എന്നതുകൊണ്ട്, സുസ്ഥിരമായ, സൂക്ഷ്മതയോടെ വളർത്തിക്കൊണ്ടുവരുന്ന സമഗ്രസ്പർശിയായ ഒരു വികസനമാതൃക; രാജ്യത്തിന്റെ ആഭ്യന്തരവിഭവങ്ങളുപയോഗിച്ച്, രാഷ്ട്രത്തിന്റെ ആത്മശക്തിയെ ഉണർത്തിക്കൊണ്ട് അദ്ധ്വാനത്തിന്റെ കരുത്തിൽ വികസിക്കുന്ന രാഷ്ട്രജീവിതമാണ് അർത്ഥമാക്കുന്നത്.

### സുമംഗളം പദ്ധതിയുടെ അടിസ്ഥാനസവിശേഷതകൾ

**1. സമ്പൂർണ്ണ മനുഷ്യനെക്കുറിച്ചുള്ള സങ്കല്പം**

പാശ്ചാത്യസമീപനത്തിൽ മനുഷ്യനെ ഒരു 'സാമ്പത്തിജീവി'യായിട്ടാണ് കരുതുന്നത്. ഭൗതികമായ സമ്പത്തിന്റെ അടിസ്ഥാനത്തിൽ, ലാഭനഷ്ടങ്ങളുടെ കണക്കുകൂട്ടലിൽ തീരുമാനങ്ങളെടുക്കുകയും ജീവിതം നയിക്കുകയും ചെയ്യുന്നവൻ. എന്നാൽ ഭാരതീയസമീപനം 'സാമ്പത്തികജീവി' എന്ന സങ്കല്പത്തിനു പകരം 'സമ്പൂർണ്ണ മനുഷ്യൻ' (integral man) എന്ന സങ്കല്പം മുന്നോട്ടുവയ്ക്കുന്നു. ശാരീരികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി നിരന്തരം പണിയെടുക്കുന്ന ഒരു യന്ത്രംപോലെയാണ് മനുഷ്യനെന്ന ധാരണ ഭാരതീയചിന്തയിലില്ല. മറിച്ച്, പ്രപഞ്ചം മുഴുവൻ നിറഞ്ഞുനില്ക്കുന്ന പരബ്രഹ്മത്തിന്റെ ഭാഗമായി നിരന്തരം കർമനിരതനായിരിക്കുന്ന ബോധപൂർണ്ണനായ വ്യക്തിയായിട്ടാണ് കാണുന്നത്. ഭാരതീയസമീപനത്തിൽ മനുഷ്യൻ 'സാമ്പത്തികജീവി'യെക്കാൾ ഏറെ മേലെയാണ്.

**2. വികസനപ്രക്രിയയിൽ സാമൂഹിക-സാംസ്കാരിക, മനുഷ്യഘടകങ്ങൾക്കുള്ള പങ്ക്**

വികസനത്തെ സുമംഗളം എന്നു നിർവചിച്ചുകഴിയുമ്പോൾ നമുക്ക് വികസനത്തിന്റെ നിശ്ചിതഘടകങ്ങളെക്കുറിച്ചുള്ള ധാരണകൾ മാറ്റേണ്ടിവരും. പൊതുവെ വികസനത്തിന്റെ ഘടകങ്ങളെ രണ്ടായി തിരിക്കാം-സാമ്പത്തികമായതും സാമ്പത്തികമല്ലാത്തതുമായ ഘടകങ്ങൾ. വികസനപദ്ധതിരേഖകളിൽ നാം സാമ്പത്തികമല്ലാത്ത ഘടകങ്ങളെക്കുറിച്ച് പരാമർശിക്കാറുണ്ടെങ്കിലും നടപ്പാക്കുന്ന വികസനപദ്ധതികളിൽ അവയെല്ലാം വിസ്മരിക്കാറാണ് പതിവ്. വികസനമാതൃകകൾ രൂപപ്പെടുത്തുന്ന ഘട്ടത്തിൽ അവയെ സ്ഥിരങ്ങളായി കല്പിച്ചുനിർത്തുകയാണ് ചെയ്യുക. എന്നാൽ ഈ സമ്പ്രദായം മാറ്റേണ്ട കാലം കഴിഞ്ഞിരിക്കുന്നു. ഇനി താഴെപ്പറയുന്ന മട്ടിലൊന്നു ചിന്തിച്ചുനോക്കാം.

സാമ്പത്തികഘടകങ്ങളെ അതായത് ഭൗതികമായ ചേരുവകളെല്ലാം സ്ഥിരമായി നിർത്തിക്കൊണ്ട് നമുക്ക് വികസനപ്രക്രിയയെ ത്വരിതപ്പെടുത്താൻ കഴിയും. അതിന് ഇന്ത്യയെപ്പോലൊരു രാജ്യത്ത് മനുഷ്യഘടകങ്ങൾക്കൊപ്പം സാമൂഹിക-സാംസ്കാരികഘടകങ്ങളെ കൂടിച്ചേർത്തുകൊണ്ട് പുനഃക്രമീകരണം നടത്തിയാൽ മതിയാകും.

ഇന്ത്യയെപ്പോലൊരു വികസ്വരരാഷ്ട്രത്തിന് ഭൗതികസമ്പത്തുകൾ, പ്രത്യേകിച്ചും മൂലധനം കുറവാണ്. കാണാച്ചരടുകളൊന്നും കൂടാതെ വിദേശമൂലധനത്തിനും ഈ പോരായ്മ നികത്താനാവില്ല. അതുകൊണ്ട് ഇത്തരം രാജ്യങ്ങൾക്ക് വികസനം സാദ്ധ്യമാകണമെങ്കിൽ മറ്റേതെങ്കിലും മാർഗം അന്വേഷിച്ചേ പറ്റൂ. ഈ ഘട്ടത്തിലാണ് വികസനപ്രക്രിയയിൽ മനുഷ്യഘടകത്തോടൊപ്പം സാമൂഹികവും സാംസ്കാരികവുമായ ഘടകങ്ങൾ ഒത്തുചേരുന്നത്. അങ്ങനെയാണ് ഇത് വികസനത്തിന്റെ പുതിയ മാർഗവും മാതൃകയുമായി തീരുന്നത്.

**3. വികസനമാതൃകയുടെ അടിസ്ഥാനം ധാർമികതയാണ്**

ഉയർത്തിപ്പിടിക്കുക, നിലനിർത്തുക, പോഷിപ്പിക്കുക എന്നൊക്കെ അർത്ഥമുള്ള 'ധൃ' എന്ന ധാതുവിൽനിന്നാണ് 'ധർമ്മം' എന്ന വാക്ക് രൂപപ്പെട്ടുവരുന്നത്. അതുകൊണ്ടുതന്നെ, മനുഷ്യജീവിതത്തെ രൂപപ്പെടുത്താനും നിലനിർത്താനും പോഷിപ്പിക്കാനും വേണ്ട പ്രവർത്തനങ്ങളും ഭാവങ്ങളും ധർമസങ്കല്പത്തിലടങ്ങിയിരിക്കുന്നു എന്ന കാര്യം സുവ്യക്തമാണ്.

സമൂഹത്തിന്റെ ശരിയായ പ്രവർത്തനത്തിനും നിയതമായ വളർച്ചയ്ക്കും അത്യാവശ്യം വേണ്ടുന്ന ധാർമികവും സാമൂഹികവുമായ നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഇരിപ്പിടമാണ് ധർമ്മ്. ധർമബോധത്തിൽ അടിസ്ഥാനപ്പെടുത്തിയിട്ടില്ലാത്ത സാമ്പത്തികനിയമങ്ങളോ സാമ്പത്തികശാസ്ത്രമോ ഉണ്ടാകാൻ പാടില്ലെന്നതാണ് ഹിന്ദുത്വചിന്തയുടെ പ്രത്യേകത. ഈ കാഴ്ചപ്പാടിനെ അംഗീകരിച്ചുകൊണ്ട് ഗാന്ധിജി എഴുതി "സാമ്പത്തികശാസ്ത്രവും ധാർമികതയും തമ്മിൽ ഞാനൊരു വ്യത്യാസവും കാണുന്നില്ലെന്ന കാര്യം എടുത്തുപറയാനാഗ്രഹിക്കുന്നു. ഒരു രാഷ്ട്രത്തിന്റെയോ ഒരു വ്യക്തിയുടെയോ ധാർമികസ്വാസ്ഥ്യത്തെ വ്രണപ്പെടുത്തുന്ന സാമ്പത്തികശാസ്ത്രം അസാന്മാർഗിയാണ്. അതുകൊണ്ടുതന്നെ പാപപൂർണവും." സാമ്പത്തികവികസനവും ആത്മീയമൂല്യങ്ങളും ഒരുമിച്ചുപോകണമെന്ന അഭിപ്രായക്കാരനായിരുന്നു ഡോ. വി.കെ.ആർ.വി. റാവുവും.

ഭാരതീയജീവിതമൂല്യവ്യവസ്ഥയനുസരിച്ച്, അർത്ഥകാമങ്ങളുടെ പ്രാധാന്യം അംഗീകരിച്ചതിനുശേഷം അവ രണ്ടും ധർമബോധത്താൽ നിയന്ത്രിക്കപ്പെടുകയും നയിക്കപ്പെടുകയും വേണമെന്ന് എടുത്തുപറയുന്നുണ്ട്. അതുകൊണ്ട് കാലത്തിനനുസരിച്ചുള്ള ഒരു പുതിയ സാമൂഹിക-സാമ്പത്തികഘടനയെക്കുറിച്ചു ചിന്തിക്കുമ്പോൾ ഭാരതീയമൂല്യങ്ങളിലധിഷ്ഠിതമായ ധർമബോധത്തിന്റെ പിൻബലം അതിനുണ്ടാവേണ്ടതാവശ്യമാണ്. അതനുസരിച്ച് ത്യാഗമാണ് ദുരയല്ല, സേവനമാണ് സ്വാർത്ഥതയല്ല, കൊടുക്കലാണ് സമ്പാദിക്കല്ല, പോഷണമാണ് ചൂഷണമല്ല, സഹകരണമാണ് സംഘർഷമല്ല, പ്രേമമാണ് വിദ്വേഷമല്ല പുതിയ സാമ്പത്തികക്രമത്തിന്റെ അടിസ്ഥാനം. ഉല്പാദനോപകരണങ്ങൾ വ്യക്തികൾ കൈയടക്കിവയ്ക്കാൻ പാടില്ല. അതൊരു പൊതുനിക്ഷേപവ്യവസ്ഥയാകണം.

**4. സമഗ്രസമീപനം**

സമഗ്രവും സംയോജിതവും നിയന്ത്രിതവുമാണ് ഭാരതീയചിന്ത. സൃഷ്ടിയും സമഷ്ടിയും തമ്മിൽ (വ്യക്തിയും സമൂഹവും തമ്മിൽ) ശരിയായ സംയോജനം സാദ്ധ്യമാക്കുന്ന ഒരു സാമ്പത്തികക്രമമാണ് നമുക്കു രൂപപ്പെടുത്തേണ്ടത്. സാമ്പത്തികമേഖലയിൽ സ്വാത

ന്ത്ര്യവും വ്യക്തിതാത്പര്യങ്ങളും അനുവദിക്കാമെങ്കിലും അതെല്ലാം ബഹുജനഹിതമനുസരിക്കുന്ന തത്ത്വങ്ങൾക്കും നിയമങ്ങൾക്കും വിധേയമായിരിക്കണം. സ്വകാര്യസംരംഭങ്ങളും സാമൂഹികനിയന്ത്രണങ്ങളും ഒരുപോലെ നിലനില്ക്കുന്നതായിരിക്കും പുതിയ ക്രമം. മാത്രമല്ല, സമൂഹത്തിലെ വൈവിധ്യപൂർണ്ണമായ ഘടകങ്ങളെ ഏകോപിപ്പിക്കുന്ന സർഗാത്മകമായ പദ്ധതിയുമായിരിക്കും.

### 5. ന്യായപൂർണ്ണമായ വിതരണവ്യവസ്ഥ

സമ്പാദിക്കുക എന്നത് ജീവിതത്തിന്റെ അടിസ്ഥാനചോദനകളിലൊന്നാണെങ്കിലും ജീവിതത്തിന്റെ ലക്ഷ്യം അതുമാത്രമല്ല. നാല് പുരുഷാർത്ഥങ്ങളിൽ (ധർമ്മം, അർത്ഥം, കാമം, മോക്ഷം) ഒന്നുമാത്രമാണ് അർത്ഥം അഥവാ ധനം. അത് ജീവിതത്തിന്റെ ഒരു ഭാഗം മാത്രമാണ്.

ജീവിതം പൂർണ്ണമായും ധനാർജനത്തിനുവേണ്ടി മാത്രമുള്ളതല്ല. അതുകൊണ്ടാണ് ധനസമ്പാദനം ധർമമാർഗങ്ങളിൽക്കൂടി മാത്രമേ പാടുള്ളൂ എന്ന് ഹിന്ദുത്വചിന്ത നിർബന്ധിക്കുന്നത്. മാത്രമല്ല ഒരാൾ സമ്പാദിച്ചതെല്ലാം അയാൾ തന്നെ തിന്നുതീർക്കരുതെന്നും അത് സമൂഹത്തിലെ മറ്റുള്ളവരുമായി പങ്കുവയ്ക്കണമെന്നും ഭാരതീയചിന്ത ഉദ്ഘോഷിക്കുന്നുണ്ട്. അങ്ങനെ, സമ്പാദിക്കപ്പെട്ട അധികധനം സമൂഹത്തിന്റെ ക്ഷേമത്തിനുവേണ്ടി ചെലവഴിക്കണം. ധനം ധർമത്തിനുവേണ്ടി എന്നതാകണം ലക്ഷ്യം. ശരിയായ വിതരണവ്യവസ്ഥ സാമ്പത്തികഘടനയെ ശക്തിപ്പെടുത്തും, ചൂഷണസമ്പ്രദായത്തെ ഇല്ലാതാക്കും, ഉല്പാദനക്ഷമത വർദ്ധിപ്പിക്കും, ജീവിക്കാനും പുരോഗമിക്കാനുമുള്ള തുല്യ അവസരങ്ങളുണ്ടാക്കും. സമഗ്രമായൊരു വിതരണവ്യവസ്ഥ സാമൂഹികനീതിയൊടൊപ്പമുള്ള സമൂഹത്തിന്റെ വളർച്ചയ്ക്ക് അടിസ്ഥാനമാകും.

### 6. പ്രകൃതിക്കും മനുഷ്യനും യോജിച്ച സാങ്കേതികവിദ്യ

പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച, ധർമ-മൂല്യബോധങ്ങളിലധിഷ്ഠിതമായ, നമ്മുടെ പ്രശ്നങ്ങളെ ശരിയായ രീതിയിലും നിശ്ചിതസമയത്തിനുള്ളിലും പരിഹരിക്കാനുതകുന്ന, രാജ്യത്തെ സാമൂഹിക-സാമ്പത്തികാവസ്ഥകൾക്കൊത്തു പോകുന്ന ഒരു സാങ്കേതികവിദ്യയാണ് നമുക്കിനി വേണ്ടത്. പ്രകൃതിമാതാവിൽനിന്ന് കറന്നെടുക്കുന്നതായിരിക്കണം, ചൂഷണം ചെയ്ത് നശിപ്പിക്കുന്നതായരിക്കരുത് നമ്മുടെ സാങ്കേതികവിദ്യ. മൂലധനവും ഊർജവും സംരക്ഷിക്കുന്നതാവണം, ഉല്പാദനക്ഷമവും തൊഴിൽദായകവുമാകണം അത്.

നമുക്കു യോജിച്ച ഒരു സാങ്കേതികവിദ്യ രൂപപ്പെടുത്തിയെടുക്കുവാൻ ഭാരതം രണ്ടു കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

1. നമുക്കുണ്ടായിരുന്ന പരമ്പരാഗത സാങ്കേതികജ്ഞാനത്തിന്മേൽ കാലികമായ ഗുണപ്പെടുത്തലുകൾ നടത്തുക. ഭാരതത്തിന്റെ ഭാവിവികസനത്തിന് ഏറ്റവും കൂടുതൽ സംഭാവനകളുണ്ടാകുന്നത് ഈ മേഖലയിലായിരിക്കും.

2. നമ്മുടെ വിഭവങ്ങൾക്കും ആവശ്യങ്ങൾക്കും അനുസരിച്ച് ആധുനികസാങ്കേതികവിദ്യയെ വഴറ്റിയെടുക്കുക. സാങ്കേതികവിദ്യയുടെ നേരിട്ടുള്ള ഇറക്കുമതി വളരെ അപകടകാരിയായ മാർഗമാണ്. നാം വിലമതിക്കുന്ന ലക്ഷ്യങ്ങളും മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്നതിനുപകരിക്കുന്നവിധത്തിൽ രൂപമാറ്റം വരുത്തിവേണം പുതിയ സാങ്കേതികവിദ്യകളെ നാം സ്വീകരിക്കാൻ.

### 7. മംഗള സാമ്പത്തികവ്യവസ്ഥ

വസ്തുക്കളെ സന്തോഷത്തോടെ ഉല്പാദിപ്പിക്കുകയും തൃപ്തിയോടെ ഉപയോഗിക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥയാണ് വികസിപ്പിച്ചെടുക്കേണ്ടത്. അതിനുള്ള സാമാന്യമായ ഒരു ചട്ടക്കൂടാണ് താഴെക്കൊടുക്കുന്നത്.

1. മുതലാളിത്തവ്യവസ്ഥയ്ക്കും കമ്മ്യൂണിസ്റ്റ് വ്യവസ്ഥയ്ക്കും ബദലായൊരു വ്യവസ്ഥ, ധർമബോധത്താൽ നയിക്കപ്പെടുന്ന മനുഷ്യരാൽ നിയന്ത്രിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്ന, വികേന്ദ്രീകൃതമായ, സ്വാശ്രയത്വവ്യവസ്ഥയായിരിക്കുമെന്നാണ് മംഗള സമീപനം കരുതുന്നത്. എന്നാൽ പണ്ടുണ്ടായിരുന്നതിൽനിന്ന് വ്യത്യസ്തമായി ഈ വികേന്ദ്രീകൃതസാമ്പത്തികവ്യവസ്ഥ കൂടുതൽ ഉല്പാദനക്ഷമമാകണം.

സാമ്പത്തികവികേന്ദ്രീകരണത്തിൽ ഉല്പാദകഘടകങ്ങൾ ചെറുതായിരിക്കണം. കാർഷിക-വ്യാവസായിക ഉല്പന്നങ്ങളുണ്ടാക്കാൻ പത്തുമുതൽ പതിനഞ്ചുവരെ ഗ്രാമങ്ങൾ ചേർന്ന് രൂപപ്പെടുന്ന ഒരു മാതൃകാസമൂഹം മതിയാകും. അത് സ്വയംപര്യാപ്തമായ ഒരു ഗ്രാമസമൂഹമായിത്തീരുകയും ചെയ്യും. അതുമൂലം പ്രാദേശികമായ സംരംഭങ്ങൾക്കും ചെറുകിടവ്യവസായങ്ങൾക്കുമെല്ലാം പൂർണ്ണമായ അവസരങ്ങൾ ലഭിക്കും. അങ്ങനെ നവീകരിക്കപ്പെടുകയും പുനഃസംഘടിപ്പിക്കപ്പെടുകയും ചെയ്ത ഭാരതീയഗ്രാമങ്ങളുടെ അടിസ്ഥാനശിലയിന്മേൽ നമുക്ക് ഭാരതത്തിന്റെ തകർന്നുപോയ സാമ്പത്തികവ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാം.

2. കൃഷിയെയും വ്യവസായത്തെയും സംബന്ധിച്ചിടത്തോളം കുറെക്കൂടി ഏകാത്മകമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. വ്യവസായമേഖലയും കാർഷികമേഖലയും പരസ്പരം സഹകരിച്ചും പരസ്പരപൂരകമായും നിലനില്ക്കുന്ന കാഴ്ചപ്പാടാണ് നമുക്കുള്ളത്. എന്നാൽ ഈ പാരസ്പര്യം ഇപ്പോഴുള്ളതിൽനിന്ന് വ്യത്യസ്തമായ രീതിയിലാണ് ഇവിടെ പരിഗണിക്കപ്പെടുന്നത്. അതനുസരിച്ച്, കൃഷിയെ സാമ്പത്തികവ്യവസ്ഥയുടെ പ്രഥമവും അടിസ്ഥാനപരവുമായ പ്രവർത്തനമായി കണക്കാക്കണം. ഈ അടിസ്ഥാനപ്രവർത്തനത്തിനു ചുറ്റുമായാണ് ചെറുകിടവ്യവസായങ്ങളും നിത്യോപയോഗവ്യവസായങ്ങളും മറ്റും വികസിക്കേണ്ടത്. ഈ അടിസ്ഥാനകൂട്ടായ്മയ്ക്കു ചുറ്റുമായാണ് വലിയ വ്യവസായഭീമന്മാർ ഉണ്ടാകേണ്ടത്. അവ ആദ്യത്തെ രണ്ടിനും സഹായകരമായി വർത്തിക്കേണ്ടതുമാണ്.

3. കുടുംബവ്യവസ്ഥ ശരിയായ ഹൈന്ദവമൂല്യങ്ങളനുസരിച്ച് പുനഃസംഘടിപ്പിക്കണം. കുടുംബം ഒരു സാമൂഹികഘടകമായും സാമ്പത്തികഘടകമായും വർത്തിക്കണം. ഓരോ ഘട്ടത്തിലും ഒരു കുടുംബ

ത്തിന്റെ അന്തരീക്ഷം വളർത്തിക്കൊണ്ടുവരാൻ നമുക്കു കഴിയണം.

4. സർക്കാർ ആശ്രിതമായ അല്ലെങ്കിൽ കമ്പോളാശ്രിതമായ ഒരു സാമ്പത്തികവ്യവസ്ഥയെ മംഗളസമീപനം പരിഗണിക്കുന്നില്ല. അത് ജനങ്ങളെ ആശ്രയിക്കുന്ന, അല്ലെങ്കിൽ ജനപങ്കാളിത്തത്തോടെ വളരുന്ന സാമ്പത്തികവ്യവസ്ഥയാണ്. ജനങ്ങളുടെ പ്രസ്ഥാനത്തോട് സഹകരിക്കുന്ന സർക്കാരാണ് ഉണ്ടാകേണ്ടത്. അതുകൊണ്ട് ശാസ്ത്രജ്ഞന്മാരുടെയും സാങ്കേതികവിദഗ്ദ്ധരുടെയും ഭരണതന്ത്രജ്ഞരുടെയും സാമൂഹികശാസ്ത്രജ്ഞന്മാരുടെയും പൊതുപ്രവർത്തകരുടെയും മനുഷ്യസ്നേഹികളുടെയും ചെറുകിട വൻകിട ഉല്പാദകരുടെയും കൂട്ടായ്മകളും സേവനസംഘടനകളും രൂപപ്പെടുത്തണം.

ഒടുവിലായി പറയാനുള്ളത്, ഈ കാഴ്ചപ്പാടോടെ സമൂഹത്തെ പുനക്രമീകരിച്ചെടുക്കാൻ രണ്ടു പ്രധാന കാര്യങ്ങൾ വേണം. ആത്മവിശ്വാസവും പുരോഗതിക്കുവേണ്ടിയുള്ള അഭിവാഞ്ഛയുമാണ് ഒന്നാമത്തേത്. രണ്ടാമതായി ദേശീയതാത്പര്യത്തിനുവേണ്ടി ദൃഢനിശ്ചയം ചെയ്ത ധർമബോധമുള്ള നേതൃത്വമാണ് ●

# സ്ഥാനീയസമിതികൾ

**ഹരിപ്പാട് സ്ഥാനീയസമിതി**

ഭാരതീയവിചാരകേന്ദ്രത്തിന് ഹരിപ്പാട് കേന്ദ്രമായി പുതിയ സ്ഥാനീയസമിതി രൂപീകരിച്ചു. അധ്യക്ഷനായി ഡോ. സുരേഷ് മണ്ണാറശാല, സെക്രട്ടറിയായി കൃഷ്ണഭദ്രൻ, ഖജാൻജിയായി കെ. ചന്ദ്രമോഹൻ എന്നിവരെ തിരഞ്ഞെടുത്തു. വൈസ് പ്രസിഡന്റുമാരായി ബി.എൻ. പണിക്കർ, കെ. മോഹൻകുമാർ, സഹകാര്യദർശികളായി അശോക് കുമാർ, രാജേഷ്, സമിതി അംഗങ്ങളായി, വി.ആർ. വിജയൻ, വി.എൻ. രാധാശരൺ, വി. പ്രതീപ്, കലാമണ്ഡലം ബാലകൃഷ്ണൻ, മനോജ് കുമാർ എന്നിവരെ ചുമതലപ്പെടുത്തി. ഹരിപ്പാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വിവേകാനന്ദ സ്റ്റഡിസർക്കിളിന്റെ കൺവീനർമാരായി ബി. പ്രകാശ്, എ. അനിരുദ്ധൻ എന്നിവരെ ചുമതലപ്പെടുത്തി.

ഏപ്രിൽ 10ന് വൈകിട്ട് മൂന്നുമണിക്ക് ഹരിപ്പാട് സമൂഹമഠത്തിൽവച്ച് 'ഏകാത്മ മാനവദർശന'ത്തെക്കുറിച്ച് പ്രബന്ധാവതരണവും ചർച്ചയും നടക്കും.

**കോട്ടയം സ്ഥാനീയസമിതി**

വിചാരകേന്ദ്രം കോട്ടയം നഗരം സ്ഥാനീയസമിതി പുനഃസംഘടിപ്പിച്ചു. ഫെബ്രുവരി 27ന് കൂടിയ യോഗത്തിൽ ശ്രീകേഷ് പി.ജി. അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. കാര്യദർശിയായി ഉണ്ണി മധുരഞ്ചേരിൽ, സഹകാര്യദർശിയായി അജീഷ് പി. ഗോപാൽ, സമിതി അംഗങ്ങളായി ഗോപകുമാർ, കൃഷ്ണകുമാർ, രാകേഷ് പനച്ചിക്കാട് എന്നിവർ ചുമതലയേറ്റു ●

# മാധ്യമരാഷ്ട്രീയം




*മാധ്യമസെമിനാറിൽ അജന്താലയം അജിത്കുമാർ സംസാരിക്കുന്നു. അനിൽ നമ്പ്യാർ, ഹരി എസ്. കർത്ത എന്നിവർ വേദിയിൽ*

**മാധ്യമരാഷ്ട്രീയം**

ഭാരതീയവിചാരകേന്ദ്രം തിരുവനന്തപുരം സ്ഥാനീയസമിതി 'മാധ്യമരാഷ്ട്രീയം' എന്ന വിഷയത്തിൽ സംവാദം സംഘടിപ്പിച്ചു. മാർച്ച് 27 ഞായറാഴ്ച വൈകിട്ട് സംസ്കൃതിഭവനിൽ നടന്ന സമ്മേളനത്തിൽ പ്രമുഖ മാധ്യമപ്രവർത്തകർ പങ്കെടുത്തു. ഇന്ത്യയിലെ ചില മാധ്യമങ്ങൾ കാലാനുസൃതമായി പണംപറ്റിക്കൊണ്ട് രാഷ്ട്രീയചായ്വുകളും വൈരനിര്യാതനവും പ്രകടിപ്പിക്കുന്നുണ്ടെന്ന അഭിപ്രായങ്ങളുടെ പശ്ചാത്തലത്തിലാണ് സംവാദം നടന്നത്. അനിൽ നമ്പ്യാർ (സൂര്യാ ന്യൂസ്), ഹരി എസ്. കർത്താ (ജന്മഭൂമി), അജന്താലയം അജിത്കുമാർ (മംഗളം) തുടങ്ങിയവർ പങ്കെടുത്തു ●

# ഭാരതമേ ഉണരൂ....

## നിന്റെ വാക്കുകൾക്കുവേണ്ടി ലോകം കാതോർക്കുന്നു

സ്വാമി വിവേകാനന്ദന്റെ നൂറ്റമ്പതാം ജയന്തിവർഷം സമാഗതമാവുകയാണ്. 2013 ജനുവരി 12 മുതൽ 2014 ജനുവരി 12 വരെ. ഭാരതത്തെ സംബന്ധിച്ച് മാത്രമല്ല മുഴുവൻ ലോകത്തെ സംബന്ധിച്ചും ഇത് ഒരു ചരിത്രസന്ദർഭമാണ്.

സ്വാമിജിയുടെ ജന്മശതാബ്ദി ആഘോഷിക്കപ്പെട്ട അവസരത്തിലാണ് രാഷ്ട്രത്തിന്റെ അഭിമാനസ്തംഭമായ കന്യാകുമാരിയിലെ വിവേകാനന്ദസ്മാരകം നാം പണിതുയർത്തിയത്. മുഴുവൻ രാഷ്ട്രപ്രേമികളുടെയും സഹകരണത്തോടെ, കടുത്ത പ്രതികൂലസാഹചര്യങ്ങളെ എതിർത്തുതോല്പിച്ചാണ് സ്മാരകസമിതി മഹത്തായ ആ ദൗത്യം പൂർത്തീകരിച്ചത്. അത് ഭാരതത്തിലുടനീളം സൃഷ്ടിച്ച നവചേതന വിവേകാനന്ദകേന്ദ്രമടക്കം ഒട്ടനേകം നിർമ്മാണാത്മകപ്രവർത്തനങ്ങളിലൂടെ ഭാരതത്തിലുടനീളം ഇന്നും അലയടിച്ചുകൊണ്ടിരിക്കുകയാണ്.

നൂറ്റിയൻപതാം ജയന്തി ആഘോഷത്തിനുള്ള ഒരുക്കുകൂട്ടലുകൾ വിവിധ പ്രസ്ഥാനങ്ങൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു. ഭാരതസർക്കാരും ശ്രീരാമകൃഷ്ണമിഷനും വിവേകാനന്ദകേന്ദ്രവും എല്ലാം മുൻപന്തിയിൽതന്നെയുണ്ട്. ഈ സന്ദർഭം വിജയകരമായും ഫലപ്രദമായും കൊണ്ടാടാനുള്ള കാര്യക്രമങ്ങളെക്കുറിച്ച് കേരളത്തിൽ ഭാരതീയവിചാരകേന്ദ്രം കുറച്ചുനാളായി ഗൗരവപൂർവ്വം ആലോചിച്ചുവരികയാണ്.

സ്വാമി വിവേകാനന്ദന്റെ ജയന്തി ആഘോഷം അല്പകാലത്തേയ്ക്കു മാത്രം ആവേശത്തിരയിളക്കുന്ന ഒരു മാമൂൽചടങ്ങായിരിക്കാൻ പാടില്ല. ഒരു പുത്തൻതലമുറയെ വാർത്തെടുക്കുകവഴി രാഷ്ട്രത്തിന്റെ ഭാവിക്ക് സ്വാമിജിയുടെ സങ്കല്പത്തിനനുസരിച്ചുള്ള രൂപം നൽകുക എന്നതായിരിക്കും ജയന്തിയുടെ അർത്ഥവത്തായ ആചരണവും ആഘോഷവും. ഇന്നത്തെ കാലഘട്ടം അടിയന്തിരമായി ആവശ്യപ്പെടുന്നതും അതുതന്നെയാണ്.

ഭാരതം അതിന്റെ സ്വാതന്ത്ര്യത്തിനെന്നപോലെ ഹിന്ദുധർമ്മത്തിന്റെ നവജാഗൃതിക്കും സ്വാമിജിയോടു വളരെയേറെ കടപ്പെട്ടിരിക്കുന്നു. “സ്വാമി വിവേകാനന്ദൻ ഇല്ലായിരുന്നെങ്കിൽ ഹിന്ദുമതം ക്ഷയിച്ചുപോകുമായിരുന്നു; ഭാരതത്തിന് സ്വാതന്ത്ര്യം ലഭിക്കുകയും ഇല്ലായിരുന്നു” എന്ന് നമ്മുടെ ഒന്നാമത്തെ ഗവർണർ ജനറലും പ്രഗത്ഭ ചിന്തകനുമായ സി. രാജഗോപാലാചാരി പ്രസ്താവിച്ചിട്ടുണ്ട്. അതുപോലെ തന്നെ തനിക്ക് വിവേകാനന്ദനോടുള്ള അഗാധമായ കടപ്പാടിനെക്കുറിച്ച് മഹാത്മാഗാന്ധി പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: “ഞാൻ അദ്ദേഹത്തിന്റെ കൃതികൾ ശ്രദ്ധാപൂർവം വായിച്ചിട്ടുണ്ട്. അവ വായിച്ചുകഴിഞ്ഞപ്പോൾ മാതൃഭൂമിയോട് എനിക്കുണ്ടായിരുന്ന സ്നേഹം ആയിരം മടങ്ങ് വർദ്ധിച്ചു.”

സാമ്രാജ്യവാദികളുടെയും സെമിറ്റിക് മതങ്ങളുടെയും ആക്രമണത്തിന് ഇരയായിക്കൊണ്ടിരുന്ന സനാതനധർമ്മത്തിന് നവചൈതന്യം നല്കി തിരിച്ചൊരു കടന്നാക്രമണത്തിന് ആത്മധൈര്യം നല്കിയത് സ്വാമി വിവേകാനന്ദന്റെ ചിക്കാഗോ പ്രസംഗങ്ങളും തുടർന്നുള്ള പ്രഖ്യാപനങ്ങളുമായിരുന്നു. ‘നവവേദാന്തം’ എന്നും ‘ആധുനികഹിന്ദുമതം’ എന്നും പലരും ഇപ്പോൾ വിശേഷിപ്പിക്കുന്നത് സ്വാമി വിവേകാനന്ദനിലൂടെ രൂപവും ഭാവവും ആർജിച്ച സനാതനധർമ്മം തന്നെയാണ്.

ഈ സന്ദർഭത്തിൽ സ്വതന്ത്രഭാരതത്തിന്റെ ഒന്നാം പ്രധാനമന്ത്രിയായിരുന്ന നെഹ്റുവിന്റെ വാക്കുകളും നാം പരിഗണിക്കേണ്ടതാണ്. “സ്വാമി വിവേകാനന്ദനെപ്പോലെ ഒരാളെ നിങ്ങൾക്ക് എവിടെ കാണാൻ കഴിയും? അദ്ദേഹത്തിന്റെ കൃതികൾ വായിക്കൂ, സിദ്ധാന്തങ്ങൾ പഠിക്കൂ. അങ്ങനെ ചെയ്താൽ നിങ്ങൾക്ക് അദ്ഭുതാവഹമായ കരുത്തുണ്ടാകും. അദ്ദേഹത്തിന്റെ വാക്കുകളിൽക്കൂടി പ്രവഹിച്ച അറിവിന്റെയും ഓജസ്സിന്റെയും ആവേശത്തിന്റെയും സ്രോതസ്സിലേയ്ക്ക് നിങ്ങൾക്കും കടന്നുചെല്ലാൻ കഴിയും. ഭൂതകാലത്തിലുറച്ചു നില്ക്കുകയും അതിൽ പൂർണ്ണമായും അഭിമാനിക്കുകയും ചെയ്ത ആളായിരുന്നു സ്വാമി വിവേകാനന്ദൻ. അതേസമയം രാഷ്ട്രം നേരിടുന്ന ജീവത്പ്രശ്നങ്ങളെക്കുറിച്ചു തികച്ചും ആധുനികമായ സമീപനം അദ്ദേഹത്തിനുണ്ടായിരുന്നു. ഭാരതത്തിന്റെ ഭൂതകാലത്തെയും വർത്തമാനകാലത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമായിരുന്നു അദ്ദേഹം.”

ലോകപ്രസിദ്ധ ചരിത്രകാരനായ എ.എൽ. ഭാഷം സ്വാമിജിയെക്കുറിച്ച് ഇങ്ങനെ എഴുതി: “ലോകചരിത്രത്തിൽ സ്വാമി വിവേകാനന്ദന്റെ സ്ഥാനം കൃത്യമായി അളന്നുതൂക്കി നിർണ്ണയിക്കുക എളുപ്പമല്ല. പാശ്ചാത്യ ചരിത്രകാരന്മാരോ ഭാരതീയചരിത്രകാരന്മാരോ സ്വാമിജിയുടെ സമാധിക്കുശേഷം നടത്തിയ എല്ലാ വിലയിരുത്തലുകളെക്കാളും എത്രയോ വലുതാണ് അത് എന്നതിൽ സംശയമില്ല. കാലം വളരെ കഴിയുകയും അപ്രതീക്ഷിതവും അതിഗംഭീരവുമായ ഒട്ടേറെ സംഭവങ്ങൾ ലോകത്തുണ്ടാവുകയും ചെയ്തതിനുശേഷവും ഒന്ന് ഉറപ്പിച്ചുപറയാം. വരുന്ന എത്രയോ നൂറ്റാണ്ടുകൾ ആധുനികലോകത്തിന്റെ നിർമ്മാതാക്കളിൽ പ്രമുഖനായി സ്വാമി വിവേകാനന്ദനെ വിലയിരുത്തും.”

അനന്തമായ സാദ്ധ്യതകളാണ് സ്വാമിജിയുടെ ജയന്തി ആഘോഷവേള നമുക്കുമുന്നിൽ തുറന്നുതരുന്നതെന്ന് മഹായോഗി ശ്രീ. അരവിന്ദന്റെ താഴെപ്പറയുന്ന വാക്കുകൾ വ്യക്തമാക്കുന്നു: “ഊർജ്ജസ്വലതയുടെ ആൾരൂപമായിരുന്നു വിവേകാനന്ദൻ! ഒരു മനുഷ്യസിംഹം തന്നെയായിരുന്നു അദ്ദേഹം. സർഗാത്മകമായ അദ്ദേഹത്തിന്റെ വാക്കുകളും അവ പകർന്ന പ്രചോദനവും മൂലം ഉണ്ടാവേണ്ടയിരുന്ന വ്യക്തവും സമൂർത്തവുമായ നേട്ടങ്ങൾ ഇനിയും നമുക്കു നേടിയെടുക്കാൻ

കഴിഞ്ഞിട്ടില്ല എന്ന കാര്യത്തിൽ സംശയമില്ല. അദ്ഭുതാവഹമായ അദ്ദേഹത്തിന്റെ സ്വാധീനം ഇന്നും എങ്ങും പ്രസരിക്കുന്നതായി നാം കാണുന്നു. എങ്ങനെ, എവിടെയൊക്കെ എന്നു ചൂണ്ടിക്കാണിക്കുവാൻ എളുപ്പമല്ലെന്നു മാത്രം. ഇനിയും രൂപം പൂണ്ടു കഴിഞ്ഞിട്ടില്ലാത്ത വിസ്മയാവഹമായ ബഹുമുഖപ്രവണതകൾ ഭാരതത്തിന്റെ ആത്മാവിൽ ത്രസിച്ചുനില്ക്കുന്നതായി നാം കാണുന്നു. നാം അറിയാതെ പറഞ്ഞുപോകുന്നു: 'മാതൃഭൂമിയുടെ ആത്മാവിൽ– അവളുടെ കുട്ടികളുടെ ആത്മാവിലും– വിവേകാനന്ദൻ ഇന്നും ജീവിച്ചുകൊണ്ടേയിരിക്കുന്നു."

വെറും മുപ്പത്തിയൊൻപത് കൊല്ലംകൊണ്ട് ആ മഹാപുരുഷൻ ഭാരതത്തിനകത്തും പുറത്തും ചെലുത്തിയ സ്വാധീനം ഒരാൾക്കുപോലും നിഷേധിക്കാൻ സാദ്ധ്യമല്ല. പക്ഷേ ദേശീയവും അന്തർദേശീയവുമായ തലത്തിൽ സർവ്വാരാദ്ധ്യനാണ് സ്വാമി വിവേകാനന്ദൻ. ഇന്നുവരെ അദ്ദേഹത്തെ തള്ളിപ്പറഞ്ഞവർപോലും ഇന്ന് സ്വാമിജിയെ വാഴ്ത്തിപ്പറയാൻ ബാദ്ധ്യസ്ഥരായിരിക്കുന്നു! സ്വാമിജിയുടെ സന്ദേശം പ്രചരിപ്പിക്കുവാനും പ്രയോഗത്തിൽ കൊണ്ടുവരുവാനുമുള്ള ശ്രമങ്ങൾ ഇനിയും ചെയ്തുതീർക്കേണ്ടതായി അവശേഷിക്കുന്നു. തന്റെ മഹാസമാധി മുന്നിൽകണ്ടുകൊണ്ട് സ്വാമിജി ഇങ്ങനെ പറയുകയുണ്ടായി: "ഈ ദേഹം ഇനി ഏറെ നാൾ നിലനിൽക്കുകയില്ല. പക്ഷേ അതുകൊണ്ടെന്ത്? വരുന്ന ആയിരം വർഷത്തേയ്ക്ക് ചിന്തിക്കുവാനും പ്രവർത്തിക്കുവാനുമുള്ള വക ഏല്പിച്ചിട്ടാണല്ലോ ഞാൻ പോകുന്നത്!" തുടർന്ന് മഹാസമാധി ദിവസം സ്വാമിജി ആത്മഗതമായി ഇങ്ങനെ പറഞ്ഞതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്: 'മറ്റൊരു വിവേകാനന്ദൻ ഉണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിനു മനസ്സിലാകുമായിരുന്നു യഥാർത്ഥത്തിൽ വിവേകാനന്ദൻ എന്താണ് ചെയ്തുവച്ചതെന്ന്! പക്ഷേ സാരമില്ല, ഭാവിയിൽ എത്രയോ വിവേകാനന്ദന്മാർ വരാനിരിക്കുന്നു!"

സ്വാമിജിയുടെ നൂറ്റിയൻപതാം ജയന്തി ആഘോഷിക്കുവാൻ തയ്യാറെടുക്കുന്ന വേളയിൽ ഈ വാക്കുകൾ നമുക്കു പ്രചോദനമായിത്തീരട്ടെ.

ജയന്തി ആഘോഷത്തിന് മറ്റൊരു വലിയ മാനം കൂടിയുണ്ട്. സ്വാമിജിയുടെ ദൗത്യം ഭാരതത്തിൽ മാത്രം ഒതുങ്ങിനിന്നില്ല. ഭാരതത്തിന് ഒരു ആഗോളദൗത്യമുണ്ടെന്ന് സ്വാമിജി പ്രവചിച്ചു. ഇന്ന് മാനവരാശി നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സ്വാമിജിയുടെ സന്ദേശത്തിന് വൻപിച്ച പ്രസക്തിയുണ്ട്. മധ്യകാലീനയുഗത്തിലെ ദുരന്തങ്ങളെന്നു കരുതപ്പെട്ടിരുന്ന കുരിശുയുദ്ധങ്ങളുടെ ഇടിമുഴക്കം അന്തരീക്ഷത്തിൽ വീണ്ടും മുഴങ്ങിക്കേൾക്കുന്നു. പ്രകൃതിയെ മുച്ചൂടും ചൂഷണംചെയ്ത് കാമാന്ധമായ ഉപഭോഗഭ്രാന്തിന് വഴിതേടുന്ന ഭൗതികനാഗരികത കൊടികുത്തി വാഴുന്നു. ഈ കാലയളവിൽ സഹിഷ്ണുതയ്ക്കും സഹവർത്തിത്വത്തിനും ത്യാഗത്തിനും ആദ്ധ്യാത്മികതയ്ക്കും ഊന്നൽ നല്കുന്ന സ്വാമി വിവേകാനന്ദന്റെ വാക്കുകൾക്ക് പ്രസക്തി ഏറുകയാണ്. ലോകമെമ്പാടുമുള്ള പ്രബുദ്ധജനത ആ വാക്കുകൾക്ക് കാതോർത്തുനില്ക്കുകയാണ്. ആ കാഴ്ചപ്പാടിലും ജയന്തി ആഘോഷം വ്യക്തമായ ലക്ഷ്യബോധത്തോടെ പ്രയോജനപ്പെടുത്തുവാൻ നമുക്കു ബാദ്ധ്യതയുണ്ട്. ഭാരിച്ച ഈ ഉത്തരവാദിത്വങ്ങൾ കണക്കിലെടുത്തുകൊണ്ട് ഭാരതത്തിന് – പ്രത്യേകിച്ച് യുവാക്കൾക്ക്– ഈ ചരിത്രമുഹൂർത്തം എങ്ങനെയെല്ലാം ഉപയോഗപ്പെടുത്താം എന്നാലോചിക്കുകയും തയ്യാറെടുക്കുകയും ചെയ്യാൻ ഇനി ഏറെ സമയമില്ല.

ഇത്തരുണത്തിലാണ് സ്വാമിജിയുടെ 150–ാം ജയന്തി പ്രാധാന്യവും പ്രസക്തിയും ആർജ്ജിക്കുന്നത്. വിശദമായ കർമ്മപരിപാടികൾക്ക് രൂപംകൊടുക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ നമുക്ക് ഉടനെ ആരംഭിക്കാവുന്നതാണ്.

1. കലാലയങ്ങളിലും അനുയോജ്യമായ മറ്റു സ്ഥാപനങ്ങളിലും പ്രദേശങ്ങളിലും യുവാക്കൾക്ക് മുൻതൂക്കം നല്കിക്കൊണ്ട് വിവേകാനന്ദപഠനകേന്ദ്രങ്ങൾ ആരംഭിക്കുക.
2. നിശ്ചിതകാലയളവിനുള്ളിൽ ആഴ്ചയിലൊരിക്കലോ രണ്ടാഴ്ച കൂടുമ്പോഴോ മാസത്തിലൊരിക്കലോ സ്വാദ്ധ്യായവും– സാഹിത്യപാരായണം, ചർച്ചകളും സംഘടിപ്പിക്കുക. സ്വാമിജിയുടെ ചിക്കാഗോ പ്രഭാഷണങ്ങൾ, വിവേകാനന്ദസൂക്തങ്ങൾ, കൊളംബോ മുതൽ അൽമോറ വരെയുള്ള സ്വീകരണത്തിന് മറുപടിയായി സ്വാമിജി ചെയ്ത പ്രസംഗങ്ങൾ, 'ഉത്തിഷ്ഠ ഭാരത' (ഏകനാഥ റാനഡെ) 'സ്വാമി വിവേകാനന്ദൻ– കേരളത്തിൽ' എന്നിവ ഈ ആവശ്യത്തിന് തിരഞ്ഞെടുക്കാവുന്നതാണ്.
3. അടുത്തതായി ഒന്നിലധികം പഠനകേന്ദ്രങ്ങൾ ഉണ്ടെങ്കിൽ രണ്ടോ മൂന്നോ മാസത്തിലൊരിക്കൽ അവയുടെ കൂട്ടായ്മകൾ സംഘടിപ്പിക്കുകയും അനുയോജ്യരായ ആളുകളെക്കൊണ്ട് പ്രഭാഷണങ്ങളും സംവാദങ്ങളും സംഘടിപ്പിക്കുകയും ചെയ്യുക. കൂടുതൽ വിവരങ്ങളുക്കും നിർദ്ദേശങ്ങൾക്കും താഴെപ്പറയുന്ന മേൽവിലാസത്തിൽ ബന്ധപ്പെടുക.

സംയോജകൻ, വിവേകാനന്ദപഠനകേന്ദ്രം, ഭാരതീയ വിചാരകേന്ദ്രം, സംസ്കൃതിഭവൻ, ജി.പി.ഒ. ലയിൻ, തിരുവനന്തപുരം 695 001 ●

**വിലാസം**

**ഭാരതീയവിചാരകേന്ദ്രം**
സംസ്കൃതിഭവൻ, ജി.പി.ഒ. ലെയിൻ
സ്റ്റാച്ച്യു, തിരുവനന്തപുരം 695 001
ഫോൺ: 0471–2461567
ഇ–മെയിൽ: vicharakendram@ gmail.com
വെബ്സൈറ്റ്: www.vicharakendram.org

ഭാരതീയവിചാരകേന്ദ്രത്തിനുവേണ്ടി ഡോ. കെ. ജയപ്രസാദ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്.
സ്വകാര്യ ഉപയോഗത്തിനുവേണ്ടി മാത്രം.